II ADJOURNMENT MOTION

Ban on Processions, Jathas etc., in the Secretariat Premises

മി. സ്പീക്കർ: റൂൾ 49 അനുസരിച്ച് ബഹുമാനപ്പെട്ട കെ. ആർ. ഗൗരി ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ജനങ്ങൾക്കു പ്രകടനം നടത്തുവാനും ഘോഷയാത്ര നടത്തുവാനും ഉള്ള പൗരാവകാശത്തെ നിഷേധിക്കുകയും ഭീകരമായ അന്തരീക്ഷം സൃഷ്ടിക്കുകയും സെക്രട്ടേറിയറ്റിന്റെ പരിസരങ്ങളിൽ ജനങ്ങൾ കൂടിനിൽക്കുന്നതിനെ തടയുകയും ഘോഷയാത്ര നടത്തുന്നതിനെ തടയുന്നതിനായി കുതിരപ്പട്ടാളത്തെയും മറ്റും നിയോഗിക്കുകയും ചെയ്തതു മൂലം മാർക്സിസ്റ്റു പാർട്ടി സംഘടിപ്പിച്ച ഘോഷയാത്രയിൽ പങ്കെടുക്കുന്നതിന് നാട്ടിന്റെ നാനാഭാഗങ്ങളിൽ നിന്നും പല വാഹനങ്ങളിലുമായി വന്ന ജനങ്ങളെ വാഹനങ്ങൾ തടഞ്ഞു നിർത്തി തടസ്സപ്പെടുത്തുകയും വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തതാണ്.

9 a. m.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ)

സർ, നിയമസഭയുടെ ഈ വർഷത്തെ സമ്മേളനം ആരംഭിക്കുന്ന ദിവസം ചില നിബന്ധനകളും ചില നിയന്ത്രണങ്ങളും ഈ സെക്രട്ടേറിയറ്റിന്റെ പരിസരങ്ങളിലും നഗരത്തിന്റെ ചില ഭാഗങ്ങളിലും ഏർപ്പെടുത്തേണ്ടിവന്നുവെന്നുള്ളതു് ഒരു വസ്തുതയാണ്. അതു് വളരെ നിർബന്ധമായ ചില പരിതഃസ്ഥിതികൾ കൊണ്ടു് ഏർപ്പെടുത്തേണ്ടിവന്നതാണെന്നും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ ദിവസം ഇവിടെ പ്രകടനങ്ങൾക്കും എതിർപ്രകടനങ്ങൾക്കും ഏർപ്പാടു ചെയ്തിരുന്നു. കേരളം കണ്ടിട്ടില്ലാത്ത ചില സംഭവങ്ങൾ അന്ന് ഇവിടെ നടന്നേക്കുമെന്നുതന്നെ നേരത്തെ അഭിപ്രായമുണ്ടായിരുന്നു. ഒരു വലിയ ജനക്കൂട്ടം ഇവിടെ തടിച്ചുകൂടി അവർതമ്മിൽ ഏറ്റുമുട്ടുകയോ അവർ തള്ളിക്കയറുകയോ, അവരെ നേരിടുമ്പോൾ അനിഷ്ടസംഭവങ്ങൾക്കിടയാവുകയോ ചെയ്യുന്നതിനെക്കാൾ നല്ലതു് നിയമപരമായി അനുവദനീയമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ് എന്നു് അതിന്റെ ചുമതല വഹിക്കുന്നവർക്കു തോന്നി. അന്നും അതിനുമുൻപും ഈ രാജ്യത്തുണ്ടായിരുന്ന ചില സംഭവങ്ങളും സംഘർഷാവസ്ഥയും എല്ലാംകൂടി കണക്കിലെടുക്കുമ്പോൾ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാൻ സാധ്യത ഉണ്ടെന്നു തോന്നുകയുണ്ടായി. അതുകൊണ്ട് ഒരു സംഭവം ഉണ്ടായി അതിനെക്കുറിച്ചു പരിതപിക്കുന്നതിനെക്കാൾ ഏറെ നല്ലത് അൽപം നിയന്ത്രണം ഏർപ്പെടുത്തിയിട്ടാണെങ്കിലും അങ്ങനെയൊരു സംഭവം ഉണ്ടാകുന്നത് തടയുകയാണെന്ന് തോന്നുകയുണ്ടായി. അതു സംബന്ധിച്ചുള്ള വികാരങ്ങളും സംഘർഷാവസ്ഥയും എത്ര കഠോരമാകാമായിരുന്നുവെന്ന് അന്ന് ഈ സഭയിൽത്തന്നെ നടന്ന സംഭവങ്ങളിൽ നിന്ന് നമുക്ക് മനസിലാക്കാവുന്നതാണ്. ഈ സംഭവങ്ങളുടെ ഒരു പ്രതികരണമെന്നവണ്ണം വല്ല സംഭവവും പുറത്തും സെക്രട്ടേറിയറ്റിന്റെ പരിസരങ്ങളിലും ഉണ്ടാകുകയും അതു നിർഭാഗ്യകരമായ മറ്റു സംഭവങ്ങൾക്ക് വഴിതെളിക്കുകയും ചെയ്തിരുന്നുവെങ്കിൽ കൂടുതൽ വേദനയോടുകൂടി ഞാൻ ഇവിടെ നിന്നു സമാധാനം പറയേണ്ടിവരുമായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. ഇവിടെയും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതു പൗരാവകാശത്തിന്റെ മേൽ ഒരു അതിരുവരെയുള്ള നിയന്ത്രണമായിരുന്നുവെന്നും സമ്മതിക്കുന്നു. അതു ഏർപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം ഗവർമ്മെണ്ടിനു മാത്രമാണെന്നു ഊഹിക്കുന്നതു ശരിയായിരിക്കുകയില്ല. സംഘർഷാവസ്ഥയുണ്ടാകുമെന്നും ചില സംഭവങ്ങൾ ഉണ്ടാകുമെന്നും മറ്റുമുള്ള പ്രസ്താവനകൾ ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് കാരണഭൂതമായിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. പൗരസ്വാതന്ത്ര്യത്തിനു ഹാനിവരുന്ന നിയന്ത്രണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തണമെന്നു ഗവൺമെൻറിനു് ആഗ്രഹമില്ലായെന്നു ഈ സഭയിൽ വളരെ ഉത്തരവാദിത്വത്തോടുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ അത്യാവശ്യമായ നിയന്ത്രണങ്ങളും മാത്രമാണു് ഏർപ്പെടുത്തിയിരുന്നതു്. ഘോഷയാത്രയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ആ ഘോഷയാത്രയ്ക്കു് അനുമതി നൽകിയിരുന്നു. ഈ നിയന്ത്രണമേർപ്പെടുത്തിയതുകൊണ്ടു് വല്ല അസൗകര്യവുമുണ്ടായിട്ടുണ്ടെങ്കിൽ അതൊരു കഷ്ടനഷ്ടമായ അസൗകര്യമാണു്. ഇവിടെ വരാനിരുന്ന വലിയ വിഷമവും കുഴപ്പവും ഒഴിവാക്കാൻ വേണ്ടിയാണു് ഈ നിയന്ത്രണമേപ്പെടുത്തിയതു്. ആ നിലയിൽ അതിനെ വീക്ഷിക്കണമെന്നു മാത്രമെ എനിക്കു പറയുവാനുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: ഈ നിയന്ത്രണത്തെ സംബന്ധിച്ചു് കളക്ടരുടെതായിട്ടും ഡി. എസ്. പി. യുടേതായിട്ടും ഏതാണ്ടു് 30-ാം തീയതി വരെ സെക്രട്ടറിയേറ്റിന്റെ പരിസരങ്ങളിൽ അതായതു് 300 മീറ്ററിനുള്ളിൽ യാതൊരു പ്രകടനവും നടത്തിക്കൂടാ, ഘോഷയാത്ര നടത്തുവാൻ പാടില്ല, പെൻസിൽ പോലുള്ള സാധനങ്ങളും കൊണ്ടു നടന്നാൽ മാരകായുധമായി കരുതുമെന്നും ഉള്ള വിധത്തിലുള്ള നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നു. ആ നോട്ടിഫിക്കേഷൻ കണ്ടപ്പോഴും 1946-ലെ പുന്നപ്രവയലാറിലെ ഒരു പ്രതീതിയാണു് ഉണ്ടായതു്. ഈ ചുറ്റുപാടും മൗണ്ടഡു് പോലീസും ഒക്കെക്കൊണ്ടു് ഉണ്ടായിരുന്നതു്. ആ നോട്ടിഫിക്കേഷനുശേഷം ഞങ്ങളും ഒരുവാനിൽ ഘോഷയാത്ര നടത്തി. എം.. എൽ. എ. മാർ നടത്തിയ ഘോഷയാത്ര അനുവാദമെന്നും വാങ്ങിച്ചുകൊണ്ടായിരുന്നില്ല. അങ്ങനെയൊരു ഘോഷയാത്ര നടത്തിയിട്ടു ഇവിടെ യാതൊരുവിധ അസമാധാനങ്ങളും ഉണ്ടായില്ല. ഈ സംസ്ഥാനത്തു എന്തെങ്കിലും അസമാധാനമുണ്ടായിട്ടുണ്ടെങ്കിൽ അതു് പോലീസിന്റെ ഭാഗത്തു നിന്നും അടിച്ചു കഴിഞ്ഞതിനുശേഷം വന്നിട്ടുള്ളതല്ലാതെ മറെറാന്നുമല്ല. ആറുമണിക്കു നടന്ന ഘോഷയാത്ര അനുമതിവാങ്ങിയതിനുശേഷമായിരുന്നു. ആറുമണികഴിഞ്ഞു ഘോഷയാത്ര നടത്തുന്നതിനു് സമ്മതം തന്നു എന്നാണു് പറയുന്നതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: സർ, ഈ അടിയന്തിരപ്രമേയത്തിനു അനുമതി നൽകേണ്ടതില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, സർ.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഒരു അടിയന്തിരപ്രമേയം വന്നു. അതിനു് ഞാൻ മന്ത്രിയുടെ വിശദീകരണം ചോദിച്ചു. സാധാരണഗതിയിൽ അതിനുശേഷം പിന്നൊന്നും പറയാതെ സ്പീക്കർ ഒരു തീരുമാനമെടുക്കുകയാണു ചെയ്യുന്നതു്. ശ്രീമതി ഗൗരി അമ്മ പ്രതിപക്ഷ ഉപനേതാവായതുകൊണ്ടാണു് ഞാൻ അൽപസമയം അനുവദിച്ചതു്. എന്നാൽ ആ സമയം വളരെയധികം ദീർഘിപ്പിക്കുകയാണു്.

ശ്രീമതി. കെ. ആർ. ഗൗരി: എനിക്കു മാത്രം ഒരു പ്രത്യേകത തന്നതാണെന്നു വിചാരിക്കുന്നില്ല. ഞാൻ 49 അംഗങ്ങളുള്ള ഒരു പാർട്ടി യിലെ ഒരംഗമാണു്. ഇതിനുമുൻപു് മൂന്നും രണ്ടും അഞ്ചും അംഗങ്ങളുള്ളവർക്കുവരെ സമയം കൊടുത്തിട്ടുണ്ടു്. യോഗം 6 മണിക്കു് കളക്ടരുടെ അനുവാദത്തോടുകൂടിയാണു് ചേർന്നതു്. ആളുകളും കൂടുന്നതു് പേടിയാണൊ എന്നു് എനിക്കു് അറിഞ്ഞുകൂടാ. 86 ലോറികളിലാണു് സർ, 86 ലോറികളിലാണു് നെടുമങ്ങാട്ടു നിന്നും ചിറയിൻകീഴുനിന്നും അതുപോലെ നെയ്യാറിൻകര നിന്നും ആളുകളും വന്നതു്. പോലീസു് ഇടയ്ക്കുവച്ചു് തടഞ്ഞു് ലോറി പൂട്ടി താക്കോലും വാങ്ങിച്ചു. സർ, ഏതു നിയമപ്രകാരമാണു്? സാധാരണ നിലയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഘോഷയാത്ര നടത്തുവാനുള്ള അവകാശം ഈ നാട്ടിലെ ജനങ്ങൾക്ക് ഉണ്ട്. ഈ നാട്ടിലെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ആളുകളാണ് ഇവിടെ വന്നിരിക്കുന്നത്. അവർക്ക് പ്രകടനം നടത്താനും വളരെ കാര്യങ്ങൾനേരിട്ടു വന്നു പറയുവാനുമുള്ള അവകാശമുണ്ട്. അത് നിഷേധിക്കുന്നതു അനാവശ്യമായിട്ടുള്ളതാണ്. ഇത് പിൻവലിക്കേണ്ടതാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ അടിയന്തിര പ്രമേയത്തിന് അനുവാദം കൊടുക്കരുതെന്നു പറയുവാൻ എനിക്ക് അവകാശമില്ല. എങ്കിലും....

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കൊടുക്കണമെന്നു പറയുവാൻ എനിക്ക് അവകാശമുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: ഇതുപോലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ; ഒരു പായിൻറ് ഓഫ് ഓർഡർ. അടിയന്തിരപ്രമേയം നിയമത്തിന്റെ പരിധിക്കുള്ളിൽ ആണോ എന്നുവാദം ഉന്നയിക്കാൻ ആഗ്രഹം ഇല്ലായിരുന്നു. അംഗങ്ങളുടെ ആധിക്യം കൊണ്ടുമാത്രം പഴയ ബഹുമാനപ്പെട്ട റവന്യൂമന്ത്രി ശ്രീമതി ഗൗരിയമ്മയ്ക്ക് അഭിപ്രായം പറയുവാൻ സാധിച്ചു. അംഗങ്ങൾ ചുരുങ്ങി എന്നതുകൊണ്ടാണ് എന്റെ അഭിപ്രായം പ്രകടിപ്പിക്കുവാൻ അങ്ങു നിഷേധിക്കുന്നതെങ്കിൽ ദൗർഭാഗ്യകരമാണ്. അല്ലെങ്കിൽ ചെറിയ ഒരു പായിൻറ് പറയുവാൻ മൂന്നു മിനിട്ട് സമയം അനുവദിക്കണം.

ശ്രീ. ആർ. എസ്. ഉണ്ണി: പായിൻറ് ഓഫ് ഓർഡർ.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ; ഇവിടെ വന്ന അടിയന്തിരപ്രമേയം അടിയന്തിരപ്രസക്തി ഉൾക്കൊള്ളുന്നതാണോ എന്നു പരിശോധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ സംസാരിച്ചത് അനുവാദ്യം കിട്ടാതെ ഘോഷയാത്ര നടത്തിയെന്നും ഘോഷയാത്ര നടത്തിയതിന്റെ പേരിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നുമാണ്. അതാണോ അടിയന്തിരമായ ഒരു അസുഖാവസ്ഥ. ഈ നാട്ടിലുണ്ടായത്. അനുവാദം കിട്ടിയെന്നും പറയുന്നുണ്ട്. അനുവാദം കിട്ടിയതു ചോദിക്കാതെ ആവില്ല. യാതൊരു ബന്ധവും ഇല്ലാതെ ഉൽപ്പാദനം വർദ്ധിച്ചതായി നാളിതുവരെ കേട്ടിട്ടില്ല. ചോദിക്കാതെ അനുവാദം കൊടുത്തു എന്നു പറയുന്നതിൽ വലിയ അർത്ഥമില്ല. ആ നിലയ്ക്കു ചോദിക്കാതെ അനുവാദം കൊടുത്തതാണോ അപകടമായ അവസ്ഥ. ഈ പ്രമേയത്തിന് അനുവാദം കൊടുക്കരുതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കൊടുക്കരുതെന്നു പറയാമെങ്കിൽ കൊടുക്കണമെന്നു പറയാൻ ഞങ്ങൾക്ക് അവകാശമുണ്ട്. .....

(സഭയിൽബഹളം).

മി. സ്പീക്കർ: ഓർഡർ, ഓർഡർ. കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് ഞാനാണ്. കൊടുക്കണമോ വേണ്ടയോ എന്ന പ്രശ്നം ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയുടെ നേതാവ് സംസാരിച്ചിട്ടുണ്ട്. എല്ലാ മെമ്പർമാർക്കും സംസാരിക്കുവാനുള്ള സമയം കൊടുക്കുകയാണെങ്കിൽ പ്രയാസമാണ്. അങ്ങനെ ഒരു പ്രീസിഡൻറും ഉണ്ടാക്കുവാൻ സമ്മതിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കൊടുക്കരുതെന്നു പറയുവാൻ അവകാശമുണ്ടെങ്കിൽ കൊടുക്കണമെന്നു പറയുവാനും അവകാശമുണ്ട്.

മി. സ്പീക്കർ: ഒരു അടിയന്തിരപ്രമേയത്തെപ്പറ്റിയുള്ള ഫുർപ്പാട് ആദ്യമായിട്ടൊന്നുമല്ല ഞാൻ കൈകാര്യം ചെയ്യുന്നത്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സ്പീക്കർ എഴുന്നേറ്റു നിൽക്കുകയാണ്...

ശ്രീ. സി.ബി. ചന്ദ്രശേഖരവാര്യർ: മി. മാണി ആണോ സ്പീക്കർ.

ശ്രീ. കെ. എം. ജോർജ്ജ്: മി. മാണീ, ഇയാളും സ്പീക്കറാകണ്ട.

(സഭയിൽബഹളം)

ശ്രീമതി. കെ. ആർ. ഗൗരി: അങ്ങ് ഒരു കാര്യം ചെയ്യണം. ഒരു കസേരകൂടി ശ്രീ. മാണിക്ക് അപ്പുറത്ത് ഇട്ടുകൊടുക്കണം.

ശ്രീ. ഇ. എം. ജോർജ്ജ്: മര്യാദയ്ക്ക് അവിടെ ഇരുന്നാൽ മതി.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. സാധാരണ ഗതിയിൽ ധാരാളം അടിയന്തിരപ്രമേയങ്ങൾ ഈ സഭയിൽ വന്നിട്ടുണ്ട്. അതെല്ലാം ഞാൻ കൈകാര്യം ചെയ്തിട്ടുണ്ട്. പണ്ടിവിടെ ഉണ്ടായിരുന്ന രീതിയനുസരിച്ചാണെങ്കിൽ ഒരു അടിയന്തിരപ്രമേയം വന്നാൽ അതു ഇവിടെ കൊണ്ടുവരണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത് സ്പീക്കറാണ്. കൊണ്ടുവരേണ്ടയാവശ്യമില്ലെങ്കിൽ കൊണ്ടുവരികയും ഇല്ല. സഭയുടെ ദൃഷ്ടിയിൽപ്പെടുത്തുകയുമില്ല. അടിയന്തിരപ്രമേയം വന്നുകഴിഞ്ഞാൽ ഗവൺമെൻറിൻെറ അഭിപ്രായം ചോദിക്കും. അതനുസരിച്ച് ബന്ധപ്പെട്ട മന്ത്രി വിശദീകരണം നൽകിക്കഴിഞ്ഞാൽ അതു് അനുവദിക്കണമോ വേണ്ടയോ എന്ന പ്രശ്നം ഉടൻതന്നെ സ്പീക്കർ എടുക്കുകയാണ് പതിവ്. ബഹുമാനപ്പെട്ട പാർട്ടിനേതാക്കൻമാർ എഴുന്നേറ്റുനിന്നാൽ ചിലപ്പോൾ സംസാരിക്കുവാൻ അൽപ്പം സമയം കൊടുക്കുക പതിവുണ്ട്. അല്ലാതെ ഇപ്പോൾ നടക്കുന്നതുപോലെ എല്ലാ അംഗങ്ങൾക്കും സംസാരിക്കുവാനുള്ള അവകാശം കൊടുത്തിട്ടില്ല. പാർട്ടി നേതാക്കൻമാർക്കു സമയം അനുവദിക്കുന്ന വഴക്കമനുസരിച്ചാണ് ശ്രീമതി ഗൗരിയമ്മ എഴുന്നേറ്റു നിന്നപ്പോൾ അനുവാദം കൊടുത്തത്. അതുപോലെതന്നെ ശ്രീ. പി. രാമുണ്ണി കുറുപ്പിനും സമയം കൊടുത്തു. അതിൻെറ വെളിച്ചത്തിൽ എല്ലാ മെമ്പർമാരും ഈ അടിയന്തിരപ്രമേയത്തെക്കുറിച്ചു സംസാരിക്കുവാനും അതിനുവേണ്ടി സമയം ചോദിക്കാനും തുടങ്ങിയാൽ അവസാനം കാണുകയില്ല. ഞാൻ എഴുന്നേറ്റു നിന്നപ്പോൾ ബഹുമാനപ്പെട്ട സി. ബി. ചന്ദ്രശേഖരവാര്യർ എഴുന്നേറ്റു നിന്നു സംസാരിച്ചതു വളരെ തെറ്റായിപ്പോയി. അതു വീണ്ടും ആവർത്തിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

ഇവിടെ ഈ പ്രമേയത്തിൽ സമ്മേളനങ്ങൾ നിരോധിച്ചു എന്നുള്ളതിനെക്കുറിച്ചാണ് പരാതി. നിയമസഭാ പരിസരങ്ങളിലും സെക്രട്ടേറിയറ്റ് വളപ്പിലും എന്തെങ്കിലും സംഭവം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി, ഗവൺമെൻറിനു കിട്ടിയ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ അങ്ങനെ നടപടി എടുക്കണം എന്നു ഗവൺമെൻറിനു ബോദ്ധ്യമായതിനാൽ എടുത്തു അതാണു ശരി. അല്ലാതെ സംഭവം ഉണ്ടായിട്ട് അതു ഉണ്ടായി എന്നു പറഞ്ഞതുകൊണ്ടു പ്രയോജനമില്ല. ഈ നിരോധനം പൗരസ്വാതന്ത്ര്യത്തിൽ പ്രിവൻറീവ് ആക്ഷൻ മേലുള്ള നിഷേധമാണ് എന്നുള്ള പ്രശ്നം മാത്രമേ വന്നിട്ടുള്ളു. അതു

LIBRARY ARCHIVES Kerala Legislative Assembly

പ്രസക്തമാവില്ല. അടിയന്തിരപ്രമേയമാണെങ്കിൽ ഇന്ന സംഭവം ഉണ്ടായിരിക്കണം. ആ നിലയിൽ ഒരു സംഭവം ഉണ്ടായിട്ടില്ല. പിന്നെ പരാതി എന്താണ്. എടുത്ത ആക്ഷൻ ബൈഹാൻഡഡ് ആണ് എന്താണ്. പൗരാവകാശങ്ങളെ ബാധിക്കുന്ന പ്രശ്നമാണ് എന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചു എന്നല്ലാതെ സംഭവം ഒന്നും ഉണ്ടായിട്ടില്ല എന്നാണു് മന്ത്രി പറഞ്ഞതു്. പിന്നെ ലോറികളും തടഞ്ഞു നിറുത്തി എന്നു ഗൗരിയമ്മ പറഞ്ഞു.

ശ്രീമതി. കെ. ആർ. ഗൗരി.: അടിയും ഇടിയും മാത്രമെ സംഭവമാവുകയുള്ളുവോ?

മി. സ്പീക്കർ: അടിയന്തിരപ്രമേയമായി ചർച്ചചെയ്യത്തക്ക കാര്യമൊന്നും ഇതിൽ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അതു കൊണ്ടു അനുവാദം നൽകുന്നില്ല.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മാണിയെ അവിടെ ഇരുത്തണമെന്നു പ്രതിപക്ഷ നേതാവ് നിർദ്ദേശം ഉന്നയിച്ചു. അതു പരിഗണിച്ചുവോ എന്നറിഞ്ഞാൽക്കൊള്ളാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ടേപ്പു റിക്കാർഡർ ഇവിടെ വച്ചതുകൊണ്ടു് പറയുന്ന കാര്യങ്ങളും അതിനകത്തു കാണും. ബഹുമാനപ്പെട്ട സ്പീക്കർ എഴുന്നേറ്റു നിന്നപ്പോഴും ബഹുമാനപ്പെട്ട സി. ബി. ചന്ദ്രശേഖര വാര്യർ എഴുന്നേറ്റു നിന്നത് ശരിയായില്ലെന്നു് അങ്ങു പറഞ്ഞതു് രേഖപ്പെടുത്തുകയും ചെയ്തു. മി. മാണിയല്ല ആരായിരുന്നാലും സ്പീക്കർ എഴുന്നേറ്റു നിൽക്കുമ്പോഴും എഴുന്നേറ്റു നിൽക്കുവാൻ പാടില്ലെന്നുകൂടെ അങ്ങ് ഒന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീമതി. കെ. ആർ. ഗൗരി: ഞങ്ങളെ നിയന്ത്രിക്കേണ്ടതു് സ്പീക്കറാണു്, മി. മാണിയല്ല; അതുകൊണ്ടാണു് അവിടെ ഒരു സ്ഥാനം അടുത്തു കൊടുക്കുവാൻ പറഞ്ഞിട്ടുള്ളതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഞങ്ങളെ നിയന്ത്രിക്കേണ്ടതും അങ്ങായിരിക്കണം.

മി. സ്പീക്കർ: എന്തായാലും രണ്ടുപേരെയും നിയന്ത്രിക്കേണ്ടതു് ഞാൻ ആയിരിക്കണം എന്ന അഭിപ്രായം പറഞ്ഞതിൽ സന്തോഷമുണ്ടു്. (ചിരി)

III. CALLING ATTENTION UNDER RULE 61

Closure of all branches in the Cannanore District of the P. V. S. Beedies (P) Ltd.

മി. സ്പീക്കർ: പി. വി. എസ്. ബീഡീസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന വ്യവസായസ്ഥാപനത്തിന്റെ കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന മുഴുവൻ സ്ഥാപനങ്ങളും 1970 ഫെബ്രുവരി 1-ാംതീയതി മുതൽ നിറുത്തൽ ചെയ്യുന്നതാണെന്നു മാനേജുമെന്റു് നോട്ടീസു മുഖേന അറിയിച്ചിരിക്കുന്നതുമൂലമുള്ള പൊതുപ്രാധാന്യമുള്ള പ്രശ്നം ബഹുമാനപ്പെട്ട വ്യവസായ-തൊഴിൽമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ അനുമതി നൽകണമെന്നപേക്ഷിച്ചുകൊണ്ടു് ശ്രീ സി. കണ്ണൻ റൂൾ 61 അനുസരിച്ചു നോട്ടീസ് നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly